സ്റ്റേഷനറി വാങ്ങാൻ നീക്കിവച്ചിട്ടുള്ള തുക

152 [417] ശ്രീ. പി. സീതി ഹാജി:

ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ:

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി:

ശ്രീ. കെ. പി. എ. മജീദ്:

ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി: താഴെകാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ:

(എ) 1983-84 സാമ്പത്തിക വർഷത്തിൽ ബഡ്ജറിൽ എത്ര കോടി രൂപയാണ് സ്റ്റേഷനറി വാങ്ങാൻ, സ്റ്റേഷനറി ഡിപ്പാർട്ട്മെൻറിന് നീക്കിവച്ചിരുന്നത്;

(ബി) ഇതിൽ എത്ര കോടി രൂപയുടെ സ്റ്റേഷനറി കഴിഞ്ഞ (1983-84) സാമ്പത്തിക വർഷത്തിൽ വാങ്ങി;

(സി) 1983-84 സാമ്പത്തിക വർഷത്തിൽ വാങ്ങിയ സ്റ്റേഷനറിയിൽ എത്ര രൂപയുടെ സ്റ്റേഷനറി വിതരണം ചെയ്യാതെ കെട്ടിക്കിടപ്പുണ്ട്;

(ഡി) 1984-85 വർഷത്തിൽ എത്ര കോടി രൂപയാണ് ബഡ്ജറിൽ നീക്കിവച്ചിട്ടുള്ളത്;

(ഇ) ഇതിൽ ആഗസ്റ്റ് 31 വരെ എത്ര കോടി രൂപക്കുള്ള സ്റ്റേഷനറി വാങ്ങിച്ചു?

ഉത്തരം

(എ) 1,85,00,000 രൂപ. (ഒരു കോടി എൺപ്പത്തി അഞ്ചു ലക്ഷം രൂപ).

(ബി) 86,49,041.07 രൂപായുടെ (എൺപ്പത്തിയാറുലക്ഷത്തി നാൽപ്പത്തി ഒൻപതിനായിരത്തി നാൽപ്പത്തിഒന്നു രൂപാ ഏഴ് പൈസായുടെ).

(സി) യാതൊന്നുമില്ല.

(ഡി) 1,60,50,000 രൂപാ (ഒരു കോടി അറുപതു ലക്ഷത്തി അൻപതിനായിരം രൂപ).

(ഇ) 64,34,732.84 രൂപക്ക് (അറുപത്തിനാലു ലക്ഷത്തി മുപ്പത്തി നാലായിരത്തി എഴുന്നൂറ്റി മുപ്പത്തിരണ്ടുരൂപാ എൺപ്പത്തിനാലു പൈസായുടെ).

സഹകരണ സംഘങ്ങൾക്ക് മില്ലുകാരിൽനിന്നും പിരിഞ്ഞുകിട്ടാനുള്ള തുക

153 [418] ശ്രീ. കെ. കൃഷ്ണൻ കുട്ടി: താഴെകാണുന്ന ചോദ്യ സഹകരണ വകുപ്പുമന്ത്രി സഭയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ സഹകരണ സംഘങ്ങൾ താങ്ങുവിലക്ക് നെല്ല് വാങ്ങിയതിന്റെ പേരിൽ സഹകരണ സംഘങ്ങൾക്ക് മില്ലുകാരിൽ നിന്നും എത്ര രൂപ പിരിഞ്ഞുകിട്ടാനുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ പലിശ അടക്കം ഇപ്പോൾ പിരിഞ്ഞുകിട്ടാനുള്ളതെത്ര;

(സി) പിരിച്ചെടുക്കാൻ നിയമ നടപടികളും സ്വീകരിക്കാത്ത സംഘങ്ങൾ എത്ര ?

ഉത്തരം

(എ) 23,48,436 രൂപ 5 പൈസ

(ബി) 21,12,823 രൂപ 75 പൈസ

(സി) ഏഴ് സംഘങ്ങൾ.

പൊന്നാനി താലൂക്ക് സഹകരണ യൂണിയൻ

154 [419] ശ്രീ. ഇ. പത്മനാഭൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സർക്കിൾ യൂണിയൻ തിരഞ്ഞെടുപ്പുകഴിഞ്ഞാൽ യോഗം ചേരുന്നതിന് എന്തെല്ലാം നിബന്ധനകളാണുള്ളത്;

(ബി) തിരഞ്ഞെടുത്തവരുടെ പേര് ഗസറ്റ് വിജ്ഞാപനമായി പ്രസിദ്ധീകരിക്കാത്തതുകൊണ്ട് കഴിഞ്ഞ ഒരു വർഷമായി പൊന്നാനി താലൂക്ക് സഹകരണ യൂണിയൻ യോഗംചേരാൻ കഴിഞ്ഞിട്ടില്ല എന്നത് സർക്കാർ ശ്രദ്ധിച്ചിട്ടുണ്ടോ;

(സി) വിജ്ഞാപനം താമസിപ്പിച്ച തിരഞ്ഞെടുക്കപ്പെട്ട സമിതിയെ മരവിപ്പിക്കുന്ന ഈ സംഭവത്തിന് ഉത്തരവാദികളായവരെ തിരുത്താൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സഹകരണനിയമം 88-ാം വകുപ്പുപ്രകാരം തിരഞ്ഞെടുക്കപ്പെട്ട മെമ്പർമാരുടെ പേരുവിവരം ഉൾപ്പെടുത്തി, സർക്കിൾ സഹകരണ യൂണിയൻ രൂപീകരിച്ചുകൊണ്ട് സർക്കാർ ഗസറ്റ് വിജ്ഞാപനം പുറപ്പെടുവിക്കണം. ഈ വിജ്ഞാപനം പുറപ്പെടുവിച്ച ശേഷമേ സർക്കാർ സഹകരണ യൂണിയനുകൾക്ക് യോഗം ചേരാൻ സാധിക്കുകയുള്ളു.

(ബി) ഉണ്ട്.

(സി) ചില സർക്കിൾ യൂണിയൻ തിരഞ്ഞെടുപ്പുകൾ സംബന്ധിച്ച് ഹൈക്കോടതിയിൽ കേസുകൾ നിലവിലുണ്ട്. ഒരു സഹകരണ യൂണിയൻ രൂപീകരിക്കുന്നതിനെതിരായി ഹൈക്കോടതിയുടെ സ്റ്റേയും നിലവിലുണ്ട്. ജില്ലാ ബാങ്ക് പ്രതിനിധികളുടെ പേരുവിവരം അതാതു സ്ഥാപനങ്ങളിൽനിന്നും ലഭിക്കുവാനും കാലതാമസം നേരിട്ടിരുന്നു. മേൽപറഞ്ഞ കാരണങ്ങളാലാണ് വിജ്ഞാപനം ഇറക്കുന്നതിന് കാലതാമസം ഉണ്ടാകുന്നത്.

(ചോദ്യോത്തരസമയം കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly